# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 2**

---

## അടിസ്ഥാന സൗകര്യ വികസനം സർവകലാശാലയുടെ വളർച്ചയ്ക്ക് കരുത്തേകും-മന്ത്രി വി.എൻ. വാസവൻ

*നിലവിൽ പുരോഗമിക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ മഹാത്മാ ഗാന്ധി സർവകലാശാലയുടെ കാലോചിതമായ വളർച്ചയ്ക്ക് കരുത്തു പകരുമെന്ന് സഹകരണ-ദേവസ്വം മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. സർവകലാശാലാ കവാടത്തിനു സമീപം സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ സ്വിച്ചോൺ കർമം നിർവഹിക്കുകയായിരുന്നു അദ്ദേഹം.*

*ദേശീയ, രാജ്യാന്തര റാങ്കിംഗുകളിൽ സർവകലാശാല തുടർച്ചയായി മികവ് നിലനിർത്തുന്നത് അഭിമാനകരമാണ്. നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾ പൂർത്തിയാകുന്നതോടെ കൂടുതൽ വലിയ നേട്ടങ്ങളിലേക്ക് ചുവടുവയ്ക്കാൻ സർവകലാശാലയ്ക്ക് കഴിയും -അദ്ദേഹം പറഞ്ഞു. മന്ത്രിയുടെ എം.എൽ.എ ഫണ്ടിൽനിന്ന് 5.91 ലക്ഷം രൂപ ചിലവിട്ടാണ് സർവകലാശാലയുടെ കവാടത്തിനു സമീപം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചത്.*

*ചടങ്ങിൽ അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ജോസ് ജോസഫ് അമ്പലക്കുളം അധ്യക്ഷത വഹിച്ചു. സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.എം. ബിന്നു, ബ്ലോക്ക് പഞ്ചായത്തംഗം ജെയിംസ് കുര്യൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജോഷി ഇലഞ്ഞിയിൽ, സിനി ജോർജ്, ബേബിനാസ് അജാസ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സർവകലാശാലയിലെ ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.*

*ഫോട്ടോ ക്യാപ്ഷൻ...*
*മഹാത്മാ ഗാന്ധി സർവകലാശാലാ കവാടത്തിനു സമീപം സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ സ്വിച്ചോൺ കർമം മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുന്നു.*

*(പി.ആർ.ഒ/39/802/2024)*

## പരീക്ഷാ ഫലം

*പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിബിഎ എൽഎൽബി (ഓണേഴ്സ്)*

*2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി(ഓണേഴ്സ് 2015 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന മേഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി ജൂൺ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ 18 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

.....................................

*പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബികോം എൽഎൽബി (ഓണേഴ്സ് 2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബികോം എൽഎൽബി (ഓണേഴ്സ്) 2016,2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ് ജൂൺ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ 18 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

.....................................

*പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി (2015 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2012, 2013 അഡ്മിഷനുകൾ അവസാന മേഴ്സി ചാൻസ് ജൂൺ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ 18 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

.....................................

*മൂന്നാം സെമസ്റ്റർ എംഎസ്സി ഫാർമ്യൂട്ടിക്കൽ കെമിസ്ട്രി (2018 അഡ്മിഷൻ സപ്ലിമെന്ററി , 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മേഴ്സി ചാൻസ് ജനുവരി 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/803/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നും രണ്ടും നാലും സെമസ്റ്ററുകൾ ബി ആർക്ക് (2014 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി)പരീക്ഷകൾക്ക് സെപ്തംബർ പത്തു വരെ അപേക്ഷിക്കാം. ഫൈനോടു കൂടി സെപ്തംബർ 11നും സൂപ്പർ ഫൈനോടു കൂടി സെപ്തംബർ 12നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/804/2024)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎ സിഎസ്എസ് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ കഥകളി വേഷം പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ 25 ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക്ക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

.........................

*ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ  ബി വോക്  വിഷ്വൽ മീഡിയ ആൻഡ് ഫിലിം മേക്കിംഗ് (2021അഡ്മിഷൻ ഇംപ്രൂവ്മെന്റും റീ അപ്പിയറൻസും പുതിയ സ ്കീം  ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ അഞ്ച്, ആറ്, ഒൻപത് തീയതികളിൽ കളമശേരി സെന്റ് പോൾസ്  കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*........................*

*അഞ്ച്, ആറ് സെമസ്റ്ററുകൾ  ബിസിഎ-ഓഫ് കാമ്പസ് (സപ്ലിമെന്ററിയും മേഴ്‌സി ചാൻസും ഏപ്രിൽ 2023) പരീക്ഷയുടെ  പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ നാല്, അഞ്ച് തീയതികളിൽ ഏറ്റുമാനൂരപ്പൻ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*........................*

*നാലാം സെമസ്റ്റർ എം എസ്സി ഇൻ ബേസിക് സയൻസ് കെമിസ്ട്രി (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്,  2021, 2022  അഡ്മിഷനുകൾ സപ്ലിമെന്ററി ജൂലൈ 2024) പരീക്ഷയുടെ  പ്രാക്ടിക്കൽ പരീക്ഷ സെപ്തംബർ നാലിന് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*
*(പി.ആർ.ഒ/39/805/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**